# Malayala Manorama

## 15 August 2018

## Wayanad: Flood hit, Landslide, Widespread damages



■ വയനാട് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദുരിതത്തെ നേരിടുകയാണ്. പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ജില്ലയെ ആകെ തകർത്തിരിക്കുന്നു. പെരുമഴക്കാലത്തെ നിലയ്ക്കാത്ത കെടുതികളിൽനിന്ന് എങ്ങനെ കരകയറുമെന്നറിയാതെ പകച്ച് നിൽക്കുകയാണ് വയനാട് ജനത

വയനാട് പടിഞ്ഞാറത്തറ മാടത്തും പാറ ചൊണ്ണിയിൽ ഉസ്മാന്റെ വീട് ബാണാസുരസാഗർ അണക്കെട്ടിലെ വെള്ളം തുറന്ന് വിട്ടത് വന്നിടിച്ച് പൂർണമായി തകർന്ന നിലയിൽ . ഇവിടെ നിന്നും സാധങ്ങൾ ഒന്നും എടുത്തു മാറ്റുവാൻ കഴിഞ്ഞിട്ടില്ല.

ചിത്രം : റസൽ ഷാഹുൽ● മനോരമ

# ഒലിച്ചുപോകുന്ന വയനാട്

■ പ്രളയമെടുത്തത്763 വീടുകൾ, ഭവനരഹിതരായി3500 പേർ ■ വാസയോഗ്യമല്ലാതായ വീടുകൾ ഇതിലുമേറെ

**ഷിന്റോ ജോസഫ്**

കൽപറ്റ● മലകളിടിച്ചെത്തിയ പ്രളയജലത്തിൽ വയനാട് പത്തു വർഷമെങ്കിലും പിന്നോട്ട് ഒലിച്ചുപോയിരിക്കുന്നു. വയനാടിനെ തകർത്തെറിഞ്ഞാണു ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയമുണ്ടായത്. കഴിഞ്ഞ ചൊവ്വാഴ്ച തുടങ്ങിയ മഹാമാരി ഇതുവരെ തോർന്നിട്ടില്ല. പെരുമഴ യിലും ഉരുൾപൊട്ടലിലും ജില്ലയിൽ ആകെ തകർന്നത് 763 വീടുകൾ.

ദുരിതാശ്വാസ ക്യാംപുകളിലുള്ള 3500 പേർക്കെങ്കിലും മഴക്കാലമൊഴിയുമ്പോൾ തിരിച്ചുപോകാൻ ഇനി വീടില്ല. വയനാട് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണിത്. വെള്ളപ്പൊക്കത്തിൽ ആകെ കുതിർന്നിട്ടും വീഴാതെ പിടിച്ചുനിൽക്കുന്ന നനഞ്ഞൊലിച്ച വീടുകൾ ഏറെ. ഇത്തരം വീടുകൾ ഉപേക്ഷിച്ചുപോകാനേ ഇനി കഴിയൂ. വെള്ളം കയറിയ പാടങ്ങളിൽനിന്നും കുറ്റിക്കാടുകളിൽനിന്നും വിഷപ്പാമ്പുകൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇഴഞ്ഞെത്തുന്നു. വാസയോഗ്യമല്ലാതായിത്തീർന്ന വീടുകളുടെ കണക്കെടുത്താൽ ദുരന്തമുഖം കൂടുതൽ ഭയാനകമാകും. സ്കൂളുകളിലെ ദുരിതാശ്വാസ ക്യാംപുകൾ ഏറെക്കാലം തുടരാനാകില്ല. കഴിഞ്ഞ ഏഴു മുതൽ ഇന്നലെ വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയാണ്. മഴ കഴിയുമ്പോൾ താമസിക്കാൻ എങ്ങോട്ടു പോകുമെന്നറിയാതെ ആയിരങ്ങളാണ് ക്യാംപുകളിൽ കഴിയുന്നത്. ഇവർക്കു താൽക്കാലിക താമസസൗകര്യങ്ങളൊരുക്കാൻ പഞ്ചായത്തുകൾ തോറും താൽക്കാലിക ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറക്കേണ്ടിവരും. നിലവിൽ 132 ക്യാംപുകളിലായി 16333 പേർ കഴിയുന്നു. മിക്കവരും വീടും സ്ഥലവും നഷ്ടപ്പെട്ടവർ. തിരിച്ചുപോകാനിടമില്ലാത്തവർ.

## കൃഷിനാശം 36.90 കോടി

പ്രളയക്കെടുതിയിൽ കൃഷിമേഖലയും വിനോദസഞ്ചാരമേഖലയുമെല്ലാം പ്രതിസന്ധിയിലായി. ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം 36.90 കോടി രൂപയുടെ കൃഷിനാശമാണ് വയനാട്ടിൽ ഉണ്ടായിരിക്കുന്നത്. ഇതിൽ 32 കോടി രൂപയും വാഴക്കർഷകർക്കുണ്ടായ നഷ്ടമാണ്. 2.4 കോടി രൂപയുടെ നെൽകൃഷിയും 69 ലക്ഷം രൂപയുടെ കാപ്പിക്കൃഷിയും ഇല്ലാതായി. ലക്ഷക്കണക്കിനു രൂപയുടെ കുരുമുളകും കാപ്പിയും ഇഞ്ചിയും വെള്ളം കയറി നശിച്ചു. ആകെ 1840 ഹെക്ടർ കൃഷിസ്ഥലം ഒലിച്ചുപോയി.

ഒട്ടേറെ കന്നുകാലികൾ വെള്ളപ്പൊക്കത്തിൽ മുങ്ങിച്ചത്തു. പ്രളയത്തിനിരയായ വളർത്തുമൃഗങ്ങളിൽ 60 പശുക്കളും 120 ആടുകളും 80 പന്നികളും 3000 കോഴികളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് പാൽ ഉൽപാദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ജില്ലയാണ് വയനാട്.

### ■ അണപൊട്ടിയ പ്രളയം

നിലയ്ക്കാത്ത പെരുമഴയും അണക്കെട്ടുകളിൽനിന്ന് മുന്നറിയിപ്പില്ലാതെയുണ്ടായ ജലപ്രവാഹവുമാണ് വയനാട്ടിൽ വെള്ളപ്പൊക്കം രൂക്ഷമാക്കിയത്. കെഎസ്ഇബിയുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ചുകൊണ്ട് ബാണാസുര സാഗറിലെ ജലനിരപ്പ് കുത്തനെ ഉയർന്നു. ഷട്ടറുകൾ ഉയർത്തിയപ്പോൾ വേണ്ടത്ര മുന്നറിയിപ്പു നൽകാതിരുന്നത് പ്രളയക്കെടുതിയുടെ വ്യാപ്തി വർധിപ്പിച്ചു. കഴിഞ്ഞ ബുധനാഴ്ച ഷട്ടറുകൾ 290 സെന്റീമീറ്റർ ഉയർത്തിയപ്പോൾ നൂറുകണക്കിനാളുകൾ ഭവനരഹിതരായി. പനമരവും പടിഞ്ഞാറത്തറയും വെള്ളത്തിലായി. ഇന്നലെ രാത്രിയിൽ ഷട്ടറുകൾ വീണ്ടും ഉയർത്തി 230സെന്റിമീറ്ററിലെത്തിച്ചിരിക്കുന്നു. അസാധാരണ സ്ഥിതിവിശേഷത്തെ എങ്ങനെ നേരിടണമെന്നറിയാതെ പകച്ചുനിൽക്കുകയാണ് എല്ലാവരും.

### ■ വഴികളടഞ്ഞ് വയനാട്

ഇന്നലെ വൈകിട്ട് ചുരങ്ങളിൽ മണ്ണിടിച്ചിൽ കൂടിയുണ്ടായതോടെ ഈ മഴക്കാലത്ത് മൂന്നാംതവണയാണു വയനാട് മറ്റു ജില്ലകളിൽനിന്ന് പൂർണമായി ഒറ്റപ്പെടുന്നത്. വഴികളടയുന്നതോടെ ദുരിതാശ്വാസ ക്യാംപുകളിലേക്കുള്ള സഹായവിതരണവും പ്രതിസന്ധിയിലാകും. കുത്തിയൊഴുകിയ പ്രളയജലത്തിൽ വയനാട് ജില്ലയിലെ പ്രധാന റോഡുകളെല്ലാം തകർന്നുതരിപ്പണമായിരിക്കുന്നു.